## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 356** **07-10-2024 - ൽ മറുപടിയ്ക്ക്**

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുസ്ഥലംമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുസ്ഥലംമാറ്റം 2024-മായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രിൻസിപ്പൽ ഡയറക്ടർ നടത്തിയിട്ടുള്ള സ്ഥലം മാറ്റത്തിൽ ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയായ ജീവനക്കാരനെ, അതേ സ്റ്റേഷനിലേക്ക് തന്നെ സ്ഥലംമാറ്റം അനുവദിച്ച് സംരക്ഷണം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടോ; | (എ) | 2024 ലെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടപ്പിലാക്കുന്നതിന് സ.ഉ.(കൈ) നം.46/2024/ തസ്വഭവ തീയതി 16/03/2024 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്ന വർഷം പൂർത്തിയായ എല്ലാ ജീവനക്കാരെയും നിലവിലെ ഓഫീസിൽ നിന്നും സ്ഥലംമാറ്റുന്നതാണ്. സോഫ്റ്റ്‌വെയറിലെ സാങ്കേതിക കാരണങ്ങളാൽ 2024 വർഷത്തെ പൊതു സ്ഥലംമാറ്റത്തിൽ മൂന്ന വർഷം പൂർത്തിയായിട്ടും ജീവനക്കാർക്ക് സ്ഥലംമാറ്റം ലഭിക്കാത്തതുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമെങ്കിൽ ആയത് പരിഹരിച്ചു കൊണ്ടുള്ള തിരുത്തൽ ഉത്തരവ് ഉടനെ തന്നെ പുറപ്പെടുവിക്കുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br><br>മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം അന്തിമ സ്ഥലം മാറ്റ ഉത്തരവിന്മേലുള്ള അപ്പീലുകളും ആക്ഷേപങ്ങളും ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. പ്രിൻസിപ്പൽ ഡയറക്ടർ പുറത്തിറക്കിയ കരട് സ്ഥലംമാറ്റ പട്ടികയിന്മേൽ ഓൺലൈനായി ആക്ഷേപങ്ങൾ ലഭിച്ചിട്ടുള്ളതും ആയതിന് ഓൺലൈനായി തന്നെ തീർപ്പുകൽപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഇൻ സ്റ്റേഷൻ സീനിയോരിറ്റി പ്രകാരം 3 വർഷം കഴിഞ്ഞ സീനിയർ ആയിട്ടുള്ള ജീവനക്കാരെ, അതേ സ്റ്റേഷനിൽ നിലനിർത്തി ജൂനിയേഴ്സിനു സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | 2024 ലെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടപ്പിലാക്കുന്നതിന് സ.ഉ.(കൈ) നം.46/2024/ തസ്വഭവ തീയതി 16/03/2024 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്ന വർഷം പൂർത്തിയായ എല്ലാ ജീവനക്കാരെയും നിലവിലെ ഓഫീസിൽ നിന്നും സ്ഥലംമാറ്റുന്നതാണ്. സോഫ്റ്റ്‌വെയറിലെ സാങ്കേതിക കാരണങ്ങളാൽ 2024 വർഷത്തെ പൊതു സ്ഥലംമാറ്റത്തിൽ മൂന്ന വർഷം പൂർത്തിയായിട്ടും ജീവനക്കാർക്ക് സ്ഥലംമാറ്റം |

| | | | |
|---|---|---|---|
| | | | ലഭിക്കാത്തതുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമെങ്കിൽ ആയത് പരിഹരിച്ച കൊണ്ടുള്ള തിരുത്തൽ ഉത്തരവ് ഉടനെ തന്നെ പുറപ്പെടുവിക്കുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br><br>മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം അന്തിമ സ്ഥലം മാറ്റ ഉത്തരവിന്മേലുള്ള അപ്പീലുകളും ആക്ഷേപങ്ങളും ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. പ്രിൻസിപ്പൽ ഡയറക്ടർ പുറത്തിറക്കിയ കരട് സ്ഥലംമാറ്റ പട്ടികയിന്മേൽ ഓൺലൈനായി ആക്ഷേപങ്ങൾ ലഭിച്ചിട്ടുള്ളതും ആയതിന് ഓൺലൈനായി തന്നെ തീർപ്പുകൽപ്പിച്ചിട്ടുള്ളതുമാണ്. |
| (സി) | ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ട് എത്രനാൾക്കുള്ളിൽ തിരികെ അതേ സ്റ്റേഷനിലേക്ക് മാറ്റം അനുവദിക്കുമെന്ന് അറിയിക്കുമോ; 3 വർഷത്തിലധികമായി ഒരു സ്റ്റേഷനിൽ ജോലി ചെയ്ത ജീവനക്കാരെ സ്ഥലം മാറ്റിയതിനു ശേഷം, ചട്ടവിരുദ്ധമായി ഏതാനും ദിവസങ്ങൾക്കുള്ളിൽ തിരികെ അതേ സ്റ്റേഷനിലേക്ക് മാറ്റം അനുവദിക്കുന്ന നിയമന അധികാരികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ; | (സി) | സ.ഉ.(കൈ) നം.46/2024/തസ്വഭവ തീയതി 16/03/2024 ഉത്തരവിലെ 3(എച്ച്) പ്രകാരം ഒരു സ്റ്റേഷനിൽ മൂന്നു വർഷം പൂർത്തിയാക്കി മറ്റൊരു സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ച പോയിട്ടുള്ള ജീവനക്കാർക്ക് അടുത്ത മൂന്നു വർഷക്കാലയളവിലേയ്ക്ക് മുൻ സ്റ്റേഷനിലേയ്ക്ക് തിരികെ സ്ഥലംമാറ്റം അനുവദിക്കുന്നതല്ല. എന്നാൽ ദുർഘടപ്രദേശങ്ങളായി നിശ്ചയിച്ച് പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുന്ന സ്റ്റേഷനുകളിലേയ്ക്ക് അർഹരായ മറ്റ് അപേക്ഷകൾ ഇല്ലാത്ത പക്ഷം മേൽ നിബന്ധന ബാധകമാകുന്നതല്ല. |
| (ഡി) | പൊതു സ്ഥലംമാറ്റം-2024 അപ്പീലുകൾ/ ആക്ഷേപങ്ങൾ എത്ര ദിവസത്തിനുള്ളിലാണ് തീർപ്പാക്കേണ്ടതെന്നറിയിക്കുമോ; അത് പ്രകാരം 2024 -ലെ അപ്പീലുകൾ/ആക്ഷേപങ്ങൾ തിർപ്പാക്കിയിട്ടുണ്ടോ; ഓരോ തസ്തികയുടെയും അപ്പീലുകൾ/ആക്ഷേപങ്ങൾ തീർപ്പാക്കുന്നത് ഏത് വിഭാഗമാണെന്നറിയിക്കുമോ; | (ഡി) | നിലവിലുള്ള പൊതുസ്ഥലംമാറ്റ മാനദണ്ഡമനുസരിച്ച് ആക്ഷേപങ്ങളും അപ്പീലുകളും സമർപ്പിക്കേണ്ട അവസാന തീയതി മുതൽ 15 ദിവസസത്തിനകം ആക്ഷേപങ്ങളും, 21 ദിവസത്തിനകം അപ്പീലുകളും തീർപ്പാക്കേണ്ടതാണ്.<br><br>പ്രിൻസിപ്പൽ ഡയറക്ടർ പുറത്തിറക്കിയ കരട് സ്ഥലംമാറ്റ പട്ടികയിന്മേൽ ഓൺലൈനായി ആക്ഷേപങ്ങൾ ലഭിച്ചിട്ടുള്ളതും ആയതിന് ഓൺലൈനായി തന്നെ തീർപ്പുകൽപ്പിച്ചിട്ടുള്ളതുമാണ്. വിവിധ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് 04/07/2024 ലെ LSGD/PD/6478/2024/DED 1 – Part 1നമ്പർ സർക്കുലർ പ്രകാരം പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപ്പീലുകൾ / ആക്ഷേപങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും അതിൻ പ്രകാരം ആക്ഷേപങ്ങളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | പൊതുസ്ഥലംമാറ്റത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ നടത്തിയ സ്ഥലംമാറ്റത്തിനെതിരെ ഓൺലൈനായി സർക്കാരിൽ അപ്പീലുകൾ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (ഇ) | പ്രിൻസിപ്പൽ ഡയറക്ടർ നടത്തിയിട്ടുള്ള സ്ഥലംമാറ്റങ്ങളിൽ വിട്ടുതൽ ആകാതെ, ഇപ്പോഴും അതേ സ്റ്റേഷനിൽ തുടരുന്ന ജീവനക്കാർ ആരൊക്കെയാണ്; ഇവർ ഇങ്ങനെ തുടരുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | (ഇ) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ